"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - സോഷ്യൽ ഫോറസ്ട്രി ആലപ്പുഴ ഡിവിഷൻ ഓഫീസിൽ ആലപ്പുഴ ജില്ലാ ധനകാര്യ പരിശോധന വിഭാഗം നടത്തിയ പരിശോധന - 2014-15 സാമ്പത്തിക വർഷത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ "കൂടുകളിലാക്കിയ 33,000 വൃക്ഷത്തൈകളുടെ വിതരണവും സംരക്ഷണവും" എന്ന പദ്ധതി നടത്തിപ്പിലെ വിതരണ ക്രമക്കേടുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവാകുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.377/2021/വനം തീയതി,തിരുവനന്തപുരം, 23/11/2021

പരാമർശം:-

1. ആലപ്പുഴ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ നടത്തിയ പരിശോധനാ റിപ്പോർട്ട്.
2. 14/12/2019-ലെ എ1/76/2019/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ.ശ്രീകുമാർ, വിരമിച്ച ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് 03.02.2020 തീയതിയായി സമർപ്പിച്ച പ്രതിവാദ പത്രിക
4. ശ്രീ.രവീന്ദ്രൻ, വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 04.02.2020 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക.
5. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 24.02.2020 തീയതിയിലെ ബി9-7472/19 നമ്പർ കത്ത്.

ഉത്തരവ്

2014-15 സാമ്പത്തിക വർഷത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 33000 വൃക്ഷത്തൈകൾ അമ്പലപ്പുഴ താലൂക്കിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി വനം വകുപ്പിന്റെ ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി വിഭാഗം പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിരുന്നു. പദ്ധതി നിർദ്ദിഷ്ട സമയത്തുതന്നെ പൂർത്തീകരിക്കുകയും, പ്രതിഫലമായി 1,88,487/- രൂപ കൺവീനർക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ സോഷ്യൽ ഫോറസ്ട്രി ആലപ്പുഴ ഡിവിഷണൽ ഓഫീസിൽ, ആലപ്പുഴ ജില്ലാ ധനകാര്യ പരിശോധന വിഭാഗം 15.10.2016-ലും തുടർന്നുള്ള ദിവസങ്ങളിലും നടത്തിയ പരിശോധനയിൽ 33,000 തൈകൾ വിതരണത്തിനായി നഴ്സറിയിൽ തയ്യാറാക്കിയിരുന്നുവെങ്കിലും 22,125 തൈകൾ വിതരണം ചെയ്തതിന്റെ രസീതുകൾ മാത്രമാണ് ഹാജരാക്കിയതെന്നും, 10,875 തൈകൾ

വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായിരുന്നില്ലെന്നും, രസീതു നമ്പർ 2900 പ്രകാരം മലയാള മനോരമ പത്രത്തിന് 2000 തൈകൾ കൈമാറിയതായി കാണുന്നുണ്ടെങ്കിലും, വിതരണ രജിസ്റ്ററിൽ 6500 തൈകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും അതിനാൽ വിതരണം ചെയ്യാത്ത 10,875 തൈകൾക്കായി സർക്കാർ ഖജനാവിൽ നിന്നും ചിലവഴിച്ച തുകയായ 62,115/- രൂപയും 18% പിഴപ്പലിശയായ 11,181/- രൂപയും ചേർത്ത് ആകെ 73,296/- രൂപ, ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥരായ അന്നത്തെ ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ.എസ്.ശ്രീകുമാർ, റെയിഞ്ച് ഓഫീസറായിരുന്ന ശ്രീ.പി.രവീന്ദ്രൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കണമെന്നും പരാമർശം 1 പ്രകാരം ധനകാര്യ പരിശോധന വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി.

ശ്രീ.എസ്.ശ്രീകുമാർ 31.07.2017-ലും, ശ്രീ.രവീന്ദ്രൻ 31.05.2017-ലും സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ഇവരിൽനിന്നും ഈടാക്കേണ്ട തുകയായ 36,648/- രൂപ വീതം ഇവരുടെ ക്ഷാമാശ്വാസത്തിൽ നിന്നോ, ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ, പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കാതിരിക്കാൻ എന്തെങ്കിലും കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിനായി പരാമർശം 2 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. കാരണം കാണിക്കൽ നോട്ടീസിന് ഉദ്യോഗസ്ഥർ നൽകിയ മറുപടിയിൽ തൈകൾ മുഴുവനും വിതരണം ചെയ്തിട്ടുള്ളതാണെന്നും, ഇക്കാര്യത്തിൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനായി നേരിൽ കേൾക്കാൻ അവസരം നൽകണമെന്നും ആവശ്യപ്പെട്ടതിനെ തുടർന്ന് കുറ്റാരോപിതരെ നേരിൽ കേട്ടു.

നേരിൽ കേട്ടപ്പോൾ ശ്രീ.ശ്രീകുമാർ,ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(റിട്ട) താഴെപ്പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു:

'2014-15-ൽ കുട്ടനാട് പാക്കേജ് പ്രകാരം കറവൻതോട് നഴ്സറിയിൽ ഉല്പാദിപ്പിച്ച 2015-16-ൽ വിവിധ സ്ഥാപനങ്ങൾക്ക് നിയമാനുസൃതം വിതരണം ചെയ്ത രേഖയായ "തൈ വിതരണ രജിസ്റ്ററിൽ" ഓരോ ക്രമനമ്പറിന്റെ നേരെയും വിതരണം നടത്തിയതാർക്കെന്നും, എത്രതൈകളാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. വൃക്ഷത്തൈ വിതരണത്തിൽ നേരിട്ട് ഏർപ്പെടുന്നത് അതാത് ബ്ലോക്കിന്റെ ചാർജ്ജ് വഹിക്കുന്ന ഫോറസ്റ്റർമാരും, തൈവിതരണ സമയത്ത് സർക്കിളിലെ മറ്റ് ഡിവിഷനുകളിൽ നിന്നും സഹായത്തിന് താല്ക്കാലികമായി എത്തുന്ന ജിവനക്കാരുമാണ്. ആയത് സുഗമമായി നടക്കുന്നു എന്ന് പരിശോധിക്കേണ്ട ഉത്തരവാദിത്തം റെയിഞ്ച് ഓഫീസറിൽ നിക്ഷിപ്തമാണ്. തൈവിതരണം നടത്തിയശേഷം, വിതരണ രജിസ്റ്ററും, കൈപ്പറ്റ് രശീതികളും, നഴ്സറി ജർണലും, വിതരണം നടത്തിയ വാഹനത്തിന്റെയും, സഞ്ചരിച്ച ദൂരത്തിന്റെയും മറ്റും വിശദാംശങ്ങൾ സഹിതം ബില്ലിനോടൊപ്പം റെയിഞ്ച് ഓഫീസർ ഡിവിഷൻ ഓഫീസിൽ ബില്ല് പാസ്സാക്കുന്നതിന് സമർപ്പിക്കുകയും, ഡിവിഷൻ ഓഫീസിൽ ആയത് കൈകാര്യ ചെയ്യുന്ന സെക്ഷൻ വിശദമായ പരിശോധന നടത്തി നോട്ട് സഹിതം മിനിസ്റ്റീരിയൽ ഹെഡായ ഹെഡ് അക്കൗണ്ടന്റിന് സമർപ്പിക്കുന്നു. അദ്ദേഹം ഒന്നുകൂടി സൂക്ഷ്മ പരിശോധന നടത്തി ബിൽപാസാക്കാവുന്നതാണെന്ന ശുപാർശയോടെ ഡിവിഷൻ ഓഫീസർക്ക് സമർപ്പിക്കുന്നു. ആയത് ഡിവിഷൻ ഓഫീസർ

പാസാക്കി നൽകുന്നു. കൂടാതെ തൈകൾ വിതരണം ചെയ്തത് സംബന്ധിച്ച് റാൻഡമായി പല സ്ഥാപനങ്ങളിലും രശീതി പ്രകാരം ഉള്ള തൈകൾ അവർ കൈപ്പറ്റിയെന്ന് ജില്ലാ മേധാവി എന്ന നിലയിൽ പരിശോധന നടത്തി ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച് വിതരണം നടത്തിയ മുഴുവൻ തൈകളും എല്ലാ സ്ഥാപനങ്ങളിലും, സംഘടനകളിലും മറ്റും പോയി പരിശോധിച്ച് ബോദ്ധ്യപ്പെടാൻ ജില്ലാ ആഫീസർക്ക് പരമിതികൾ ഉള്ളതും, മനുഷ്യസാധ്യമല്ലാത്തതുമാണ്. അതിനാൽ നിയമാനുസൃതം നിഷ്കർഷിച്ചിട്ടുള്ളതിലും കൂടുതൽ പരിശോധനകൾ യഥാസമയം നടത്തി ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മലയാള മനോരമയ്ക്ക് രശീതി നമ്പർ 2900 പ്രകാരം 6500 തൈകൾ വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രശീതിയിൽ 2000 തൈകളേ കാണുന്നുള്ളൂ എന്നും 4500 തൈകൾ വിതരണം ചെയ്തിട്ടില്ലായെന്നും പരിശോധനാ വിഭാഗം കണ്ടെത്തിയതായി പറയുന്നു. ബ്ലോക്ക് ചാർജ്ജുള്ള ഫോറസ്റ്റർമാരുടെ സഹായത്തോടെ റെയിഞ്ച് ഓഫീസർ വിതരണ രജിസ്റ്റർ തയ്യാറാക്കിയപ്പോൾ ഉണ്ടായ ഈ വ്യത്യാസത്തിന് താൻ ഉത്തരവാദിയല്ല. അപ്രകാരമുള്ള വ്യത്യാസം ബില്ല് പാസാക്കിയ വേളയിൽ തന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. ആയതിന്റെ നഷ്ടം ടി പ്രവൃത്തിയിൽ നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള റെയിഞ്ച് ഓഫീസർ തലം വരെയുള്ളവരുടെ മേൽ ഓഫീസറായ തന്നിൽ നിന്നും കൂടി ഈടാക്കുന്നത് തികഞ്ഞ നീതി നിഷേധമായതിനാൽ ആയത് ഒഴിവാക്കണം. ബില്ല പാസാക്കിയ ശേഷം ആയതിന്റെ അനുബന്ധ രേഖകളായ രശീതികൾ, ജേർണൽ, വിതരണ രജിസ്റ്റർ തുടങ്ങിയവയെല്ലാം തന്നെ ആയത് കൈകാര്യം ചെയ്യുന്ന സെക്ഷനാണ് സൂക്ഷിച്ച വെക്കേണ്ടതും. ഓഫീസ് മേധാവി ആവശ്യപ്പെടുമ്പോൾ ഹാജരാക്കുകയും ചെയ്യേണ്ടത്. തൈകളുടെ വിതരണവുമായി ബന്ധപ്പെട്ട ബില്ല് പാസാക്കിയപ്പോൾ എല്ലാ രശീതികളുമുണ്ടായിരുന്നതായി വിവിധ ഘട്ടങ്ങളിലെ പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നു. സെക്ഷനിൽ ഫയലുകൾ കൈകാര്യം ചെയ്ത വേളയിൽ വലിപ്പക്കുറവുള്ള രശീതികളിൽ ചിലത് നഷ്ടപ്പെട്ടതാകാമെന്ന് അനുമാനിക്കുന്നു. അയത് കൃത്യമായി സൂക്ഷിച്ച വെക്കേണ്ടത് അതാത് സെക്ഷന്റെ ചുമതലയാണ്.

18 രസീതുകളാണ് പരിശോധനയിൽ കണ്ടെത്താൻ കഴിയാതെ പോയത്. ഇതിൽ 7 രസീതുകൾ പ്രകാരം വിതരണം ചെയ്ത തൈകൾ (5245 തൈകൾ) കൈപ്പറ്റിയതായി സാക്ഷ്യപത്രം വാങ്ങിയിട്ടുണ്ട്. ഇനി 1130 തൈകൾ വിതരണം ചെയ്തതിന്റെ രസീതുകളാണ് കണ്ടെത്താനുള്ളത്. 1130 തൈകളാണ് ടി 7 രസീതുകൾ പ്രകാരം വിതരണം ചെയ്തിട്ടുള്ളത്. ടി തൈകൾ ചില വ്യക്തികൾ, കൂട്ടായ്മകൾ എന്നിവയ്ക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. വർഷങ്ങൾക്ക് ശേഷം ഇവരെയെല്ലാം കണ്ടെത്തി സാക്ഷ്യപത്രം വാങ്ങുന്നത് പ്രായോഗികമല്ല. രശീതി നമ്പർ 2853 പ്രകാരം 5000 തൈകൾ നൽകിയിട്ടുള്ളതാണ്. എന്നാൽ വിതരണ രജിസ്റ്ററിൽ 4500 തൈകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം വിതരണ രജിസ്റ്ററും, രശീതികളും ഒത്തുനോക്കിയതിൽ ചിലയിടത്ത് വിതരണം നടത്തിയതിന്റെ രശീതിയിലെക്കാൾ കൂടുതൽ വിതരണം ചെയ്തതായും കാണുന്നു എന്നുള്ളതിന് ഉദാഹരണമാണ് മേൽ കണ്ട വ്യത്യാസം. റെയിഞ്ച് ഓഫീസർ, വിതരണ രജിസ്റ്റർ തയ്യാറാക്കിയപ്പോൾ ഉണ്ടായ നോട്ടക്കുറവുമൂലം സംഭവിച്ച പിഴവാകാമിതെന്ന് അനുമാനിക്കുന്നു.

തന്റെ 28 വർഷത്തെ സേവനത്തിനിടയിൽ യാതൊരു തരത്തിലുള്ള അച്ചടക്ക നടപടികളും നേരിടേണ്ടതായി വന്നിട്ടില്ല. മറിച്ച് 2 തവണ സദ്സേവന രേഖയും, 2013-ലെ കേരളാ ചീഫ് മിനിസ്റ്റേഴ്സ് അവാർഡും നേടിയ വ്യക്തിയാണ്. ആയതെല്ലാം തന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ ആത്മാർത്ഥതയെ സൂചിപ്പിക്കുന്ന അംഗീകാരങ്ങളാണ്. ഇത്തരത്തിലുള്ള വസ്തുതാവിരുദ്ധമായ ആരോപണങ്ങൾ നേരിടേണ്ടി വന്നത് ഏറെ മാനസികമായി ദു:ഖിപ്പിക്കുന്നു. അതും റിട്ടയർ ചെയ്ത് 3 1/2 വർഷം കഴിഞ്ഞതിനുശേഷം നേരിടേണ്ടി വരിക എന്നത് ഏറെ മനക്ലേശവും മാനഹാനിയും വരുത്തുന്നു. ആയതിനാൽ ഈ വിഷയത്തിൽ തന്റെ ഭാഗത്തു നിന്നും യാതൊരു തരത്തിലുള്ള വീഴ്ചകളും ഉണ്ടായിട്ടില്ലാത്തതിനാൽ ആരോപണത്തിൽ നിന്ന് പൂർണ്ണമായി കുറ്റവിമുക്തനാക്കണമെന്നും അഭ്യർത്ഥിച്ചു.

റെയിഞ്ച് ഓഫീസർ ശ്രീ.രവീന്ദ്രൻ, റെയിഞ്ച് ഓഫീസർ (റിട്ട) താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു:

'കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുറവൻതോട് നേഴ്സറിയൽ 33000 തൈകളാണ് ഉല്പാദിപ്പിച്ചിട്ടുള്ളത്. വിതരണം ചെയ്ത തൈകളുടെ വിവരം ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിന്റെ പേജ് നമ്പർ 17, 18 പുറങ്ങളിൽ ചേർത്തിട്ടുണ്ട്. കൂടാതെ ടി അടങ്കൽ പ്രകാരം ചെയ്ത പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ടി നഴ്സറികളിൽ വിതരണം ചെയ്ത തൈകളുടെ രസീതുകളും കൃത്യമായി ഉൾചേർത്തിട്ടുള്ളതുമാണ്. ആയത് നഷ്ടപ്പെട്ടിട്ടില്ല. വിതരണം ചെയ്യപ്പെട്ടതു സംബന്ധിച്ച രേഖകളില്ലാത്ത 6375 തൈകളുടെ അസ്സൽ രസീതു വച്ചുകൊണ്ടു തയ്യാറാക്കിയ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ നഷ്ടപ്പെട്ടിട്ടില്ല. രസീതുകൾ നഷ്ടപ്പെട്ടു എന്നു പറയുന്ന 6375 കുടതൈകളിൽ 5245 തൈകളുടെ കൈപ്പറ്റ് രസീത് നേരിട്ട് പോയി വാങ്ങി അന്വേഷണ ഉദ്യോഗസ്ഥർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ടി കൈപ്പറ്റ് രസീതുകൾ/സാക്ഷ്യപത്രം അംഗീകരിക്കാൻ ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥർ തയ്യാറായിട്ടില്ല. കൂടാതെ ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഓഫീസറുടെ കീഴിൽ നാല് ബ്ലോക്കുകളാണുള്ളത്. അമ്പലപ്പുഴ, കുട്ടനാട്, ചേർത്തല, പട്ടണക്കാട്. ഇതിൽ ഓരോ ബ്ലോക്കിലും ഓരോ ഫോറസ്റ്റർമാർ മാത്രമാണുള്ളത്. തൈ വിതരണ സമയത്ത് മറ്റ് ഡിവിഷനുകളിൽ നിന്നും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരേയും കൂട്ടിയാണ് തൈവിതരണം നടത്തുന്നത്. ബന്ധപ്പെട്ട ബ്ലോക്കിലെ ഫോറസ്റ്റർമാരാണ് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും കൂട്ടി ഓരോ നേഴ്സറിയിൽ നിന്നും തൈ വിതരണം ചെയ്യുന്നതും രസീതുകൾ വാങ്ങുന്നതും ആ രസീതുകൾ വച്ചുകൊണ്ടാണ് ഓഫീസിൽ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ തയ്യാറാക്കുന്നത്. ആ രജിസ്റ്ററാണ് പിന്നീട് ആധികാരികരേഖയായി കണക്കാക്കുന്നതും റെയിഞ്ച് ഓഫീസർമാർ സൂക്ഷിക്കുന്നതും. രസീതുകൾ ക്ലാർക്കിന്റെ ഷെൽഫിലുമാണ് സൂക്ഷിക്കുന്നത്. ആ രസീതുകൾ ഓഫീസിൽ നിന്നും നഷ്ടപ്പെട്ടാൽ ആയതുകൈകാര്യം ചെയ്ത ഫോറസ്റ്റർമാർക്കും ക്ലാർക്കിനും ഉത്തരവാദിത്വം ഉണ്ട്. എന്നാൽ ധനകാര്യ വകുപ്പ് അവരെ ഇതിൽനിന്നും ഒഴിവാക്കി. റിട്ടയർ ചെയ്ത് 1 1/2 വർഷം കഴിഞ്ഞാണ് ഏതാനും രസീതുകളും, രജിസ്റ്ററുകളും കാണുന്നില്ല, ആയത് ഹാജരാക്കണം എന്നു പറഞ്ഞ് ജില്ലാ ധനകാര്യ പരിശോധന ഓഫീസർ, ഡിവിഷൻ ഓഫീസ് മുഖാന്തിരം നോട്ടീസ് നൽകുന്നത്. റിട്ടയർ ചെയ്ത സമയത്ത് കൈകാര്യം ചെയ്തിരുന്ന എല്ലാ ഫയലുകളും രസീതുകളും, രജിസ്റ്ററുകളും ചാർജ്ജെടുത്ത റെയിഞ്ച് ഓഫീസർക്ക് കൈമാറിയിട്ടാണ്

പോയത്. അതിലെ ചില രസീതുകൾ നഷ്ടപ്പെട്ടാൽ അതിന് താൻ ഉത്തരവാദി അല്ല. ആയതിനാൽ വിശദീകരണം പരിഗണിച്ച് ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളിൽ നിന്നും ഒഴിവാക്കി ഡി.സി.ആർ.ജി. എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള മേൽ നടപടികൾ ഉണ്ടാകണമെന്നും ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ പരിശോധനാ വിഭാഗം എല്ലാ നടപടി ക്രമങ്ങളും പാലിച്ചും, ബന്ധപ്പെട്ട കക്ഷികൾക്ക് തങ്ങളുടെ ഭാഗം വാദിക്കാനും, രേഖകൾ സമർപ്പിക്കാനുമുള്ള അവസരം നൽകിയ ശേഷമാണ് ശുപാർശകൾ നൽകിയിട്ടുള്ളത്. ആയതിനാൽ കുറ്റാരോപിതരുടെ വാദങ്ങൾ നിലനിൽക്കുന്നതല്ല.

മേൽ സാഹചര്യത്തിൽ കുറ്റാരോപിതരായ വിരമിച്ച ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ.എസ്.ശ്രീകുമാർ, വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.രവീന്ദ്രൻ എന്നിവരിൽ നിന്നും ബാധ്യത തുകയായ 36,648/- രൂപ വീതം ടിയാന്മാരുടെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ, പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പ്രേമൻ
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &

ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എസ്.ശ്രീകുമാർ, വിരമിച്ച ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,

പട്ടമന മഠം, മണ്ണഞ്ചേരി.പി.ഒ, ആലപ്പുഴ

ശ്രീ.രവീന്ദ്രൻ, വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കൊരേപ്പറമ്പിൽ വീട്,

കോളമംഗലം, തകഴി, ആലപ്പുഴ.

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ പരിശോധനാ (എൻ.ടി.ഇ) വകുപ്പ് (ധ.പ.വി.-ഇ2/13/2019/ധന)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 23-11-2021 16:58:48
Reason: Approved
സെക്ഷൻ ഓഫീസർ